REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 18-09-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- കേന്ദ്രഗവൺമെന്റ് കേരളത്തിന് അനുവദിച്ച പദ്ധതികളുടെ ഗുണഫലങ്ങൾ അർഹതപ്പെട്ടവരുടെ കൈകളിലെത്തുന്നുണ്ടോ എന്ന് പരിശോധിക്കണമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ.
- ഭരണത്തിൽ ജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ 'മുഖ്യമന്ത്രി എന്നോടൊപ്പം എന്ന സിറ്റിസൺ കണക്ട് സെന്റർ ആരംഭിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.
- കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും.
- ഇന്നലെ കാലംചെയ്ത തൃശൂർ അതിരൂപത മുൻ ആർച്ച്ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴിയുടെ സംസ്കാരം തിങ്കളാഴ്ച കോഴിക്കോട്ട് .
- ഏഷ്യാ കപ്പ് ട്വന്റി-20 ക്രിക്കറ്റ്, A ഗ്രൂപ്പ് മത്സരത്തിൽ പാകിസ്താന് വിജയം.

## വാർത്തകൾ വിശദമായി

കേന്ദ്രഗവൺമെന്റ് കേരളത്തിന് അനുവദിച്ച പദ്ധതികളുടെ ഗുണഫലങ്ങൾ അർഹതപ്പെട്ടവരുടെ കൈകളിലെത്തുന്നുണ്ടോ എന്ന് പരിശോധിക്കണമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. തിരുവനന്തപുരം മാരാർജി ഭവനിൽ 'മീറ്റ് ദ് ലീഡർ' പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വികസിത ഭാരത ലക്ഷ്യത്തോടെ കേരളത്തിൽ ദേശീയപാതാ വികസനവും, റെയിൽ വികസന പദ്ധതികളും നൽകിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ വികസന ലക്ഷ്യം

**സാധ്യമാകണമെങ്കിൽ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും ജോർജ് കുര്യൻ ആവശ്യപ്പെട്ടു.**

**പ്രധാനമന്ത്രിയുടെ വികസനപദ്ധതികൾ എത്താത്ത സ്ഥലങ്ങളിൽ എത്തിക്കാനാണ് 'മീറ്റ് ദ് ലീഡർ' പരിപാടി BJP സംഘടിപ്പിക്കുന്നതെന്ന് സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് കേട്ട് പരിഹാരമുണ്ടാക്കാനാണ് എല്ലാ ബുധനാഴ്ചയും പരിപാടിയിലൂടെ പാർട്ടി ശ്രമിക്കുന്നതെന്നും രാജീവ് ചന്ദ്രശേഖർ വിശദീകരിച്ചു.**

✪✪✪

**സേവാപർവ്വ് ആഘോഷങ്ങളുടെ ഭാഗമായി ദൂരദർശന്റെ നാഷണൽ, DD NEWS എന്നിവയിലെ പ്രത്യേക പരിപാടികൾക്ക് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഇന്നലെ ന്യഡൽഹിയിൽ തുടക്കമിട്ടു. ഡോക്യുമെന്ററികളുടെ പ്രചാരണ വീഡിയോയും അദ്ദേഹം പുറത്തിറക്കി. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആവേശകരമായ പ്രവർത്തനങ്ങളെയും, സമർപ്പണത്തെയും പ്രതിഫലിപ്പിക്കുന്നതാണ് ഡോക്യുമെന്റികളെന്ന് അശ്വിനി വൈഷ്ണവ് പറഞ്ഞു. മുമ്പ് പതിറ്റാണ്ടുകളെടുത്തിരുന്ന വികസന പുരോഗതി, കഴിഞ്ഞ 11 വർഷം കൊണ്ട് വിദൂര ഗ്രാമങ്ങളിൽപ്പോലും ലഭ്യമാക്കാൻ മോദി ഭരണത്തിന് കഴിഞ്ഞിട്ടുണ്ടെന്ന് അശ്വിനി വൈഷ്ണവ് പറഞ്ഞു.**

✪✪✪

**രാഷ്ട്രം സമ്പന്നവും വികസിതവും സ്വാശ്രയവുമായ ഇന്ത്യയായി മാറുകയാണെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ന്യൂഡൽഹിയിൽ സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാന്റെ ഉദ്ഘാടന ചടങ്ങിൽ ഓൺലൈനായി പങ്കെടുക്കുകയായിരുന്നു കേന്ദ്രമന്ത്രി. മധ്യപ്രദേശിലെ ധാർ ജില്ലയിൽ ഇന്നലെ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് പ്രചാരണത്തിന് തുടക്കം കുറിച്ചത്.**

**മറ്റുള്ളവരെ പരിപാലിക്കുന്ന സ്ത്രീകൾ പലപ്പോഴും അവഗണിക്കപ്പെടുകയാണെന്നും, അതിന് പരിഹാരമായാണ് സ്വസ്ഥ്നാരി, സശക്ത് പരിവാർ അഭിയാൻ ആരംഭിച്ചതെന്നും ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.**

✪✪✪

**രാജ്യത്തെ വിമാനത്താവളങ്ങളിൽ 'യാത്രി സേവാ ദിവസ് 'പദ്ധതി UP യിലെ ഗാസിയാബാദ് ഹിൻഡൺ വിമാനത്താവളത്തിൽ കേന്ദ്ര**

വ്യോമയാന മന്ത്രി K  റാംമോഹൻ നായിഡു ഉദ്ഘാടനം ചെയ്തു. എല്ലാ യാത്രക്കാർക്കും മികച്ച യാത്രാനുഭവവും ലോകോത്തര സേവനങ്ങളും നൽകുന്നതിൽ ഗവൺമെന്റിന്റെ തുടർച്ചയായ ശ്രമങ്ങളെ അടിവരയിടുന്നതാണ്  യാത്രി സേവാ ദിവസ് കാമ്പയിനെന്നു സിവിൽ വ്യോമയാന മന്ത്രാലയം  അറിയിച്ചു.

✪✪✪

വരുംതലമുറ GST പരിഷ്കാരങ്ങൾ ടെക്സ്റ്റൈൽ വ്യവസായത്തിന് വലിയ നികുതി ഇളവ് നൽകിയത് സാധാരണ ക്കാരുടെ സാമ്പത്തിക ഭാരം ലഘൂകരിക്കുമെന്ന് മേഖലയിലെ വ്യവസായികൾ വിലയിരുത്തി. മനുഷ്യനിർമ്മിത നാരുകളുടെ GST നിരക്ക് 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായും,  മനുഷ്യനിർമ്മിത നൂലുകളുടെ GST 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായും  കുറച്ചിട്ടുണ്ട്.  2,500 രൂപയുടെ വരെ റെഡിമെയ്ഡ് വസ്ത്രങ്ങൾക്കും GST 5 ശതമാനമായി ചുരുക്കി. ഇത് സാധാരണക്കാർക്കും, ഇടത്തരക്കാർക്കും താങ്ങാനാവുന്ന വിലയ്ക്ക് വസ്ത്രങ്ങൾ ലഭ്യമാക്കും.

✪✪✪

പഴവർഗ്ഗങ്ങളുടെയും, പച്ചക്കറിയുടെയും, സുഗന്ധവ്യഞ്ജന ങ്ങളുടെയും ഉത്പാദനത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്തേക്ക് വളരുകയാണ്. ലോകത്തെ ഏറ്റവും വലിയ പാൽ ഉൽപ്പാദകരും ഇന്ത്യയാണ്. പരിവർത്തനത്തിലേക്കും, വികസനത്തിലേക്കും ഇന്ത്യയെ നയിക്കുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ദീർഘവീക്ഷണമാണ് ഇതിന് വഴിയൊരുക്കിയത്.

ഇന്നത്തെ ഇന്ത്യയിൽ, കൃഷി ഇനി  വയലുകളിൽ മാത്രം ഒതുങ്ങുന്നില്ല. അനുബന്ധ മേഖലകളിലേക്ക് അതിന്റെ ചക്രവാളങ്ങൾ വികസിപ്പിക്കുകയും ഗ്രാമീണ കുടുംബങ്ങൾക്ക് വരുമാനത്തിന്റെയും സമൃദ്ധിയുടെയും പുതിയ വഴികൾ തുറക്കുകയാണ്. ഈ വർഷത്തെ സ്വാതന്ത്ര്യദിന പ്രസംഗത്തിൽ, രാജ്യത്തിന്റെ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ എല്ലാ കർഷകർക്കും ഗവൺമെന്റ് നൽകുന്നുണ്ടെന്ന് നരേന്ദ്ര മോദി  വ്യക്തമാക്കിയിരുന്നു.

✪✪✪

ഭരണത്തിൽ ജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാനും, ഗവൺമെന്റിനും ജനങ്ങൾക്കുമിടയിൽ ആശയവിനിമയം കൂടുതൽ ശക്തിപ്പെടുത്താനും 'മുഖ്യമന്ത്രി എന്നോടൊപ്പം '- CM വിത്ത് മി- എന്ന സിറ്റിസൺ കണക്ട് സെന്റർ ആരംഭിക്കാൻ മന്ത്രിസഭായോഗം

തീരുമാനിച്ചു. കിഫ്ബി ഇതിനാവശ്യമായ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളും, മനുഷ്യവിഭവശേഷിയും നൽകും.

ന്യൂഡ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

......(വോയ്സ്)....

സമൂഹത്തിന്റെ എല്ലാ തലത്തിലുമെത്തി ജനാഭിപ്രായം ഉൾക്കൊണ്ട് പ്രശ്നപരിഹാരം എന്ന ലക്ഷ്യത്തോടെയാണ് CM വിത്ത് മി- സെന്റർ ആരംഭിക്കുന്നത്. വിഴിഞ്ഞം തുറമുഖത്തെ പൊതു ഉപഭോഗ സേവനമായി വിജ്ഞാപനം ചെയ്യാനും മന്ത്രിസഭായോഗം തീരുമാനിച്ചു. 2025 ലെ മലയാളഭാഷാ ബില്ലിന്റെ കരടിനും യോഗം അംഗീകാരം നൽകി. ബിവറേജസ് കോർപറേഷൻ ജീവനക്കാരുടെ പ്രതിദിന അലവൻസ് പത്ത് ശതമാനം വർദ്ധിപ്പിക്കാനും യോഗത്തിൽ തീരുമാനമായി.

✪✪✪

സംസ്ഥാനം തയാറാക്കിയ വന്യജീവി സംരക്ഷണ ഭേദഗതി ബില്ലും, വന ഭേദഗതി ബില്ലും ഇന്ന് നിയമസഭയിൽ അവതരിപ്പിക്കും. ബില്ലുകൾ തുടർന്ന് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കു കൈമാറും. ഭേദഗതികളോടെ അവതരിപ്പിക്കുന്ന ബില്ലിൽ വിശദ ചർച്ചയും നടത്തും. 1972-ലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലാണ് കേരളം ഭേദഗതി വരുത്തുന്നത്. ജനവാസ മേഖലയിൽ ഇറങ്ങുന്ന ആക്രമണകാരികളായ മൃഗങ്ങളെ അടിയന്തര സാഹചര്യങ്ങളിൽ വെടിവെച്ച് കൊല്ലാൻ അധികാര നൽകുന്ന രീതിയിലാണ് നിയമ ഭേദഗതി.

✪✪✪

ഇന്നലെ കാലംചെയ്ത തൃശൂർ അതിരൂപത മുൻ ആർച്ച്ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴിയുടെ സംസ്കാരം തിങ്കളാഴ്ച കോഴിക്കോട്ട് നടത്തും. തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്ന ഭൗതികശരീരം ഞായറാഴ്ച ഉച്ചയോടെ പുത്തൻപള്ളിയിൽ എത്തിച്ചശേഷം വിലാപയാത്ര ആരംഭിക്കും. ലൂർദ് കത്തീഡ്രലിൽ വൈകിട്ട് ദിവ്യബലിയ്ക്ക് ശേഷം, തിങ്കളാഴ്ച രാവിലെ കബറടക്ക ശുശ്രൂഷ ആരംഭിക്കും. തുടർന്ന് കോഴിക്കോട്ടേക്ക് കൊണ്ടു പോകുന്ന ഭൗതികശരീരം വൈകീട്ട് ഹോം ഓഫ് ലൗ കല്ലറയിൽ കബറടക്കും.

മാർ ജേക്കബ് തൂങ്കുഴിയുടെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും, മന്ത്രി ഡോ. R ബിന്ദുവും ഉൾപ്പെടെ പ്രമുഖർ അനുശോചനം അറിയിച്ചു.

✪✪✪

കേരള-യൂറോപ്യൻ യൂണിയൻ കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. 29 യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുൾപ്പടെ, 500 ലധികം പ്രതിനിധികൾ രണ്ട് ദിവസത്തെ കോൺക്ലേവിൽ പങ്കെടുക്കും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

നാളെ മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഔപചാരികമായി ഉദ്ഘാടനം ചെയ്യും. 'ബ്ലൂ ടൈഡ്സ് - രണ്ട് തീരങ്ങൾ, ഒരേ കാഴ്ചപ്പാട്' എന്ന പ്രമേയത്തിൽ കേന്ദ്ര ഗവൺമെന്റിന്റെയും യൂറോപ്യൻ യൂണിയന്റെയും സഹകരണത്തോടെ സംസ്ഥാന ഫിഷറീസ് വകുപ്പാണ് കോവളത്ത് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

കേന്ദ്ര മന്ത്രിമാരായ സർബാനന്ദ സോനോവാൾ, രാജീവ് രഞ്ജൻ സിംഗ്, കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ എന്നിവർ സമ്മേളനത്തിൽ വിശിഷ്ടാതിഥികളാവും.

✪✪✪

AISF മുൻ സംസ്ഥാന സെക്രട്ടറിയും, മുൻ SFI സെനറ്റ് മെമ്പറും കോൺഗ്രസ് നേതാക്കളുമടക്കം സാമൂഹ്യ- സാംസ്ക്കാരിക രംഗത്തെ നിരവധി പ്രമുഖർ BJP യിൽ ചേർന്നു. AISF സംസ്ഥാന സെക്രട്ടറിയായിരുന്ന അരുൺ ബാബു, സെനറ്റ് മെമ്പറായിരുന്ന പ്രഭാത് G. പണിക്കർ, കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റായിരുന്ന മുല്ലൂർ മോഹനചന്ദ്രൻ നായർ, കാർഡിയോളജി വിദഗ്ധൻ രാജേഷ് രാജൻ, മനോരോഗ വിദഗ്ധൻ ഡോ.മാത്യൂ കോയിപ്പുറം തുടങ്ങിയവരും, കേരളാ കോൺഗ്രസ് B സംസ്ഥാന- ജില്ലാ നേതാക്കളും ഇവരിൽ ഉൾപ്പെടുന്നു.

BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ അവർക്ക് പാർട്ടി അംഗത്വം നൽകി ഷാൾ അണിയിച്ച് സ്വീകരിച്ചു.

✪✪✪

ഏഷ്യാ കപ്പ് ട്വന്റി-20 ക്രിക്കറ്റ്, A ഗ്രൂപ്പ് മത്സരത്തിൽ പാകിസ്താന് വിജയം. ദുബായ് അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ UAE യെ 41 റൺസിനാണ് അവർ തോൽപ്പിച്ചത്.

ഗ്രൂപ്പ് B മത്സരത്തിൽ അഫ്ഗാനിസ്താൻ ഇന്ന് ശ്രീലങ്കയുമായി ഏറ്റുമുട്ടും. രാത്രി എട്ടിന് ശെയ്ഖ് സെയിദ് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് ജാവലിൻ ത്രോ ഫൈനലിൽ ഇന്ന് ഇന്ത്യൻ താരം നീരജ് ചോപ്ര പാകിസ്താൻ താരം അർഷാദ് നദീമുമായി ഏറ്റുമുട്ടും. ടോക്കിയോയിൽ വൈകിട്ട് മൂന്നരക്കാണ് മത്സരം. ഇന്നലെ 84.85 മീറ്റർ എറിഞ്ഞാണ് നീരജ് ഫൈനലിൽ പ്രവേശിച്ചത്.

✪✪✪

മലപ്പുറം എടവണ്ണയിൽ വീട്ടിൽ നിന്ന് ആയുധശേഖരം കണ്ടെടുത്ത സംഭവത്തിൽ പൊലീസ് തെളിവെടുപ്പ് നടത്തി. 20 എയർ ഗണ്ണുകളും മൂന്ന് റൈഫിളുകളും 200 ലധികം വെടിയുണ്ടകളും 40 പെല്ലറ്റ് ബോക്സുമാണ് കണ്ടെത്തിയത്. ആയുധങ്ങൾ പിടിച്ചെടുത്ത പുത്തൻപുരക്കൽ ഉണ്ണിക്കമ്മദിന്റെ വീട്ടിലെത്തിയായിരുന്നു തെളിവെടുപ്പ്. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

✪✪✪

കാസർകോട് ജില്ലയിലെ മുഴുവൻ തദ്ദേശ ഭരണ വകുപ്പ് ഉദ്യോഗസ്ഥർക്കും RTI യിൽ പരിശീലനത്തിന് നിർദേശം നൽകുമെന്ന് സംസ്ഥാന വിവരാവകാശ കമ്മിഷണർ KM ദിലീപ് അറിയിച്ചു. കളക്ടറേറ്റിൽ ചേർന്ന ജില്ലാ തല ഹിയറിങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 30 പരാതികളിൽ 27 എണ്ണം ഹിയറിംഗിൽ തീർപ്പാക്കി.

✪✪✪

BJP ദേശീയ കൗൺസിൽ അംഗം ചേറ്റൂർ ബാലകൃഷ്ണൻ കോഴിക്കോട്ട് അമ്പലക്കണ്ടിയിൽ നിര്യാതനായി. 80 വയസ്സായിരുന്നു. BJP മുൻ കോഴിക്കോട് ജില്ലാ പ്രസിഡണ്ടും, സംസ്ഥാന വൈസ് പ്രസിഡണ്ടുമായിരുന്നു. സംസ്കാരം വൈകിട്ട് വീട്ടുവളപ്പിൽ നടത്തും.

✪✪✪

തിരുവനന്തപുരം പേട്ടയിൽ രണ്ടു പേർ ട്രെയിൻ തട്ടി മരിച്ചു. തമിഴ്നാട് മധുര സ്വദേശികളായ വിനോദ് കണ്ണൻ, ഹരി വിശാലാക്ഷി എന്നിവരാണ് മരിച്ചത്.

✪✪✪

എൻജിനീയറിങ് വിഷയങ്ങളിൽ മലയാള പദസംഗ്രഹം തയ്യാറാക്കാൻ വിദഗ്ധസമിതി സമ്മേളനം ഇടുക്കി ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിൽ ആരംഭിച്ചു. സമ്മേളനം നാളെ സമാപിക്കും.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തൃശൂർ, ഇടുക്കി, എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളത്തിലും ലക്ഷദ്വീപിലും ഇടിയ്ക്കും, മിന്നലിനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

മലപ്പുറം ജില്ലയിലെ മികച്ച പച്ചത്തുരുത്ത് പുരസ്കാരം പെരിന്തൽമണ്ണ നഗരസഭയ്ക്ക് ലഭിച്ചു. എരവിമംഗലം താഴെപറ്റ കുന്നിലെ ആറ് ഏക്കറിലെ പച്ചത്തുരുത്താണ് പുരസ്കാരത്തിന് അർഹമായത്.

✪✪✪

ഗുരുവായൂർ ക്ഷേത്രത്തിലെ മേൽശാന്തിയായി പാലക്കാട് ശ്രീകൃഷ്ണപുരം വലംപിരിമംഗലം മൂർത്തിയേടത്ത് മന സുധാകരൻ നമ്പൂതിരിയെ തിരഞ്ഞെടുത്തു. നാലമ്പലത്തിലെ നമസ്കാരമണ്ഡപത്തിൽ തന്ത്രി ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാടിന്റെ സാന്നിധ്യത്തിൽ ഇന്നലെ നറുക്കെടുപ്പിലൂടെയാണ് മേൽശാന്തിയെ തിരഞ്ഞെടുത്തത്.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : ഫസ്ന ഫാത്തിമ*
*DEO : ഷീബ*